ഉത്തരം

(എ) 1. ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ ഫോർ ഗേൾസ്, കട്ടേല, തിരുവനന്തപുരം.

2. ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ നല്ലൂർക്കോട്, വയനാട് .

3. ടാഗോർ വിദ്യാനികേതൻ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ തളിപറമ്പ്, കണ്ണൂർ .

4. ഗവൺമെന്റ് റീജണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ ഫോർ ഗേൾസ്, മടപ്പള്ളി, കോഴിക്കോട്.

5. ഗവൺമെന്റ് ഹൈസ്കൂൾ ചേർപ്പ്, ചാവക്കാട് തൃശ്ശൂർ.

6. ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കടയിരിപ്പ് ആലുവ, എറണാകുളം.

കൂടാതെ തിരുവനന്തപുരം കോട്ടൺഹിൽ ഗേൾസ് എച്ച്.എസ്. മോഡൽ എച്ച്.എസ്. എന്നീ വിദ്യാലയങ്ങൾ 500 ലധികം വിദ്യാർത്ഥികളെ പരീക്ഷക്കിരുത്തി ഉന്നത വിജയശതമാനം നേടിയ സ്കൂളുകളുടെ പട്ടികയിൽ വരുന്നു.

(ബി) 100% വിജയം നേടിയിട്ടുള്ള വിദ്യാലയങ്ങൾക്ക് പ്രത്യേക പ്രോത്സാഹനങ്ങൾ നൽകുന്നില്ല. എന്നാൽ ഏറ്റവും ഉയർന്ന വിജയശതമാനം നേടുന്ന സ്കൂളിനെ തെരഞ്ഞെടുത്ത് പ്രത്യേകമായി അവാർഡുകളും സമ്മാനങ്ങളും നൽകുന്നുണ്ട്.

(സി) വിജയശതമാനത്തിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളുടെ വികസനത്തിന് ഗവൺമെന്റ് പ്രത്യേക ഫണ്ട് അനുവദിക്കാറില്ല.

17 (161) അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനധികൃതമായി 4-ാം ക്ലാസ് വരെ വിദ്യാഭ്യാസം നടത്തുന്ന വിദ്യാലയങ്ങൾ ഉണ്ടെന്ന് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരിശീലനം ലഭിക്കാത്ത അദ്ധ്യാപകരാൽ നടത്തുന്ന ഇത്തരം വിദ്യാലയങ്ങളുടെമേൽ എന്തെങ്കിലും നിയന്ത്രണനടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

18 (162) സ്കൂൾ പാഠപുസ്തകങ്ങളുടെ അച്ചടി

ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എം.നാരായണൻ (കുഴൽമന്ദം) :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂൾ പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം ക്ലാസ്സുകളിലെ പുസ്തകങ്ങളുടെ അച്ചടിയാണ് ഇനിയും പൂർത്തിയാക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) അച്ചടിക്കുന്നതിനാവശ്യമായ കടലാസ് ലഭിക്കാത്തതുമൂലം പാഠപുസ്തകങ്ങളുടെ അച്ചടി നടക്കാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് എത്രലക്ഷം പാഠപുസ്തങ്ങളാണ് പുതുതായി അച്ചടിക്കേണ്ടതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇതിനകം ഓരോ ക്ലാസ്സുകളിലേക്കും എത്രവീതം പുസ്തങ്ങളുടെ അച്ചടി പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്തെ ഏതെല്ലാം പ്രസ്സുകളിലാണ് പാഠപുസ്തങ്ങളുടെ അച്ചടി നടക്കുന്നത്;

(ജി) സ്വകാര്യ പ്രസ്സുകളിൽ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് ഏൽപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(എച്ച്) എങ്കിൽ സ്വകാര്യ പ്രസ്സുകളിൽ എൽപ്പിച്ചിട്ടുള്ള പാഠപുസ്തങ്ങളുടെ അച്ചടി പൂർത്തിയാക്കിയിട്ടുണ്ടോ;

(ഐ) സ്കൂൾ പാഠപുസ്തങ്ങൾ അച്ചടി പൂർത്തീകരിച്ച് എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പൂർത്തിയായി വരുന്നു.

(ബി) ഒന്ന്, രണ്ട്, അഞ്ച്, ആറ് എന്നീ ക്ലാസ്സുകളിലെ പാഠപുസ്തങ്ങളുടെ അച്ചടി പൂർത്തിയാക്കുവാനുണ്ട്. ഇവയെല്ലാം ഈവർഷം പുതുക്കിയ പുസ്തകങ്ങളാണ്.

(സി) 60 സെ.മീ. റീൽപേപ്പർ ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്.

(ഡി) 3,08,10,000 പാഠപുസ്തങ്ങളാണ് ഈ വർഷം അച്ചടിക്കേണ്ടിരിക്കുന്നത്.

(ഇ)

ക്ലാസ്	അച്ചടി പൂർത്തിയാക്കിയ പുസ്തങ്ങളുടെ എണ്ണം
1	2,00,000
2	2,50,000
3	16,20,000
4	22,20,000
5	29,35,000
6	38,95,000

LIBRARY ARCHIVES Kerala Legislative Assembly

7	33,35,000
8	35,71,000
9.	43,06,000
10.	47,28,000
ആകെ	2,70,60,000

(എഫ്) കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റി തൃക്കാക്കര, കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ, തിരുവനന്തപുരം, ഷൊർണ്ണൂർ, വാഴൂർ, മണ്ണന്തല എന്നിവിടങ്ങളിലെ സർക്കാർ പ്രസ്സുകൾ. ഇവ കൂടാതെ വിക്ടറി പ്രസ്സ് കുന്നംകുളം, പി.വി. ജോർജ് ആൻറ് സൺസ് അങ്കമാലി, വിദ്യാരംഭം പ്രസ്സ് ആലപ്പുഴ, കോട്ടയം പ്രിന്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ശിവകാശി, റേവൽ ഓഫ്സെറ്റ് പ്രിന്റേഴ്സ് ശിവകാശി, കോറണേഷൻ ആർട്സ് ക്രാഫ്റ്റ്സ് ശിവകാശി, റോയൽ സ്റ്റാർപാക്കേജിംഗ് ശിവകാശി എന്നീ സ്വകാര്യ പ്രസ്സുകളിലും പാഠപുസ്ത അച്ചടി നടന്നു വരുന്നു.

(ജി) ഉണ്ട്.

(എച്ച്) സ്വകാര്യ പ്രസ്സുകളെ ഏൽപ്പിച്ച മൊത്തം പാഠപുസ്തകങ്ങളിൽ എൺപത് ശതമാനത്തോളം അച്ചടി പൂർത്തിയായിട്ടുണ്ട്.

(ഐ) ഒന്നും, രണ്ടും ക്ലാസ്സുകളിലെ പുസ്തങ്ങൾ ജൂൺ 30-ന് അച്ചടി പൂർത്തിയാക്കി, ജൂലൈ ആദ്യവാരം വിതരണം ചെയ്യും. അഞ്ചും ആറും ക്ലാസ്സുകളിലെ പുസ്തകങ്ങളുടെ അച്ചടിയും വിതരണവും ജൂലൈ മൂന്നാം വാരത്തോടെ പൂർത്തിയാവും.

19 (163) പാഠപുസ്തക പരിഷ്ക്കരണം

ഡോ. എം.എ. കുട്ടപ്പൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈവർഷം ഏതെല്ലാം ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഏതെല്ലാം വിഷയങ്ങളിലുള്ള പാഠപുസ്തകങ്ങളാണ് പരിഷ്ക്കരിക്കുന്നത്;

(സി) ഇതിനു വേണ്ടി നിയോഗിക്കപ്പെട്ടവർ ആരെല്ലാമാണ്;

(ഡി) അവർക്ക് ഈ വിഷയത്തിൽ എന്തെല്ലാം വിധത്തിലുള്ള വിദ്യാഭ്യാസ യോഗ്യതയും പരിശീലനവും ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly